കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

# നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷാ (NMMSE)

## വിജ്ഞാപനം

## 2026-27

പരീക്ഷാ കമ്മിഷണറുടെ കാര്യാലയം

പരീക്ഷാഭവൻ, പൂജപ്പുര

തിരുവനന്തപുരം - 12

ഇ.എക്സ്/എച്ച്4/30073/2026/സിജിഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി : 11/09/2026

## വിജ്ഞാപനം

വിഷയം :- പൊതുവിദ്യാഭ്യാസം - പരീക്ഷാ ഭവൻ - 8-ാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള 2026-27 അദ്ധ്യയന വർഷത്തെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ (NMMSE) – അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1) കേന്ദ്രസർക്കാർ കത്ത് നം. എഫ്1-6/2020-എസ്.എസ്. തീയതി 11/03/2022.
2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം. എൻ2/10810/2026/ഡിജിഇ, തീയതി 08/07/2026.
3) സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 3179/2020/പൊ.വി.വ., തീയതി 29/11/2020.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം. ഡിജിഇ/12473/2024-എൻ2, തീയതി 11/03/2025.

*********

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നടപ്പിലാക്കി വരുന്ന പദ്ധതിയായ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് (NMMS) അർഹരായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള പരീക്ഷയിൽ പങ്കെടുക്കുന്നതിലേക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ 2026-27 അദ്ധ്യയന വർഷം 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് (NMMS) പരീക്ഷയിൽ പങ്കെടുക്കുവാൻ അപേക്ഷിക്കാവുന്നതാണ്. പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ http://nmmse.kerala.gov.in മുഖേന ഓൺലൈൻ വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. NMMS പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് ഫീസില്ല.

**അർഹരാകുന്ന കുട്ടികൾക്ക് 9, 10, 11, 12 എന്നീ ക്ലാസ്സുകളിൽ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. പ്രതിവർഷം 12,000/- രൂപയാണ് സ്കോളർഷിപ്പ്.**

പ്രസ്തുത സ്കോളർഷിപ്പിനെ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1. അപേക്ഷാ സമർപ്പണം

15/09/2026 മുതൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 30/09/2026 ആണ്. അപേക്ഷകർക്ക് സ്വന്തമായോ അല്ലെങ്കിൽ സ്കൂൾ മുഖാന്തിരമോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ചശേഷം അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധ രേഖകളും സ്കൂൾ പ്രഥമാധ്യാപകന് വെരിഫിക്കേഷനായി സമർപ്പിക്കണം. അപേക്ഷയുടെ ഹാർഡ് കോപ്പി പരീക്ഷാ ഭവനിലേക്ക് അയക്കേണ്ടതില്ല. സ്കൂളിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സ്കൂൾ മേധാവി 05/10/2026-ന് വൈകിട്ട് 5 മണിക്ക് മുൻപായി വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതാണ്. വെരിഫിക്കേഷൻ സമയത്ത് പ്രഥമാധ്യാപകൻ ബന്ധപ്പെട്ട രേഖകൾ എല്ലാം പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതു മാണ്.

## 2. യോഗ്യത സംബന്ധിച്ച നിർദ്ദേശങ്ങൾ :

i. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 2026-27 അധ്യയന വർഷം 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് (NMMS) പരീക്ഷയിൽ പങ്കെടുക്കുവാൻ അപേക്ഷിക്കാവുന്നതാണ്.

ii. സംസ്ഥാന സർക്കാർ നടത്തുന്ന റസിഡൻഷ്യൽ സ്കൂളുകൾ, മറ്റ് അംഗീകൃത സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയം, ജവഹർ നവോദയ വിദ്യാലയം എന്നിവിടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

iii. അപേക്ഷിക്കുന്നവർ 2025-26 അദ്ധ്യയന വർഷത്തിൽ 7-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കിൽ കുറയാതെ നേടിയിരിക്കണം (എസ്.സി./എസ്.ടി വിദ്യർത്ഥികൾക്ക് 50% മാർക്ക് മതിയാകും).

iv. രക്ഷകർത്താക്കളുടെ വാർഷിക വരുമാനം മൂന്നര ലക്ഷം രൂപയിൽ നിന്നും അധികരിക്കുവാൻ പാടില്ല.

v. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് അർഹതയുള്ളത് ആയതിനാൽ NMMS പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥി തുടർന്നുള്ള ക്ലാസ്സുകളിലും ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നതെങ്കിൽ മാത്രമേ സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുകയുള്ളൂ.

vi. നിലവിൽ മൂല്യ നിർണ്ണയം ഗ്രേഡ് അടിസ്ഥാനത്തിൽ ആയതിനാൽ ആയത് ശതമാനത്തിലേക്ക് താഴെ പറയുന്ന പ്രകാരം മാറ്റേണ്ടതാണ്.

| Grade | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| Grade Point | 9 | 8 | 7 | 6 | 5 | 4 | 3 |

മേൽ പട്ടിക പ്രകാരം ഓരോ വിഷയങ്ങൾക്കും ഗ്രേഡ് പോയിന്റുകൾ നൽകിയ ശേഷം, ആയതിന്റെ ആകെ തുക (Total Grade Point) കണക്കാക്കുക. തുടർന്ന് Total Grade Point (T.G.P)-നെ (T.G.P x 100/90) ശതമാനത്തിലേക്ക് മാറ്റാവുന്നതാണ്.

3. **അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ:**

i. വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന മൂന്നര ലക്ഷം രൂപയിൽ അധികരിക്കാത്തതും നിശ്ചിത കാലാവധി കഴിയാത്തതുമായ വരുമാന സർട്ടിഫിക്കറ്റ്, പ്രസ്തുത സർട്ടിഫിക്കറ്റ് pdf ഫോർമാറ്റിൽ 100 kb-യ്ക്ക് താഴെ സൈസ് ഫയലായി അപ്‌ലോഡ് ചെയ്യണം.

ii. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (എസ്.സി./എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്ക് മാത്രം) സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

iii. 40%-ത്തിൽ കുറയാതെ ഭിന്നശേഷിയുള്ള കുട്ടികൾക്കു മാത്രമേ പ്രസ്തുത വിഭാഗത്തിൽ (Persons with Disability) അപേക്ഷിക്കുവാൻ കഴിയൂ. ആയത് തെളിയിക്കുന്നതിനായി മെഡിക്കൽ ബോർഡിന്റെ അംഗീകൃത സർട്ടിഫിക്കറ്റ് നിർബന്ധമാണ്. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇത്തരം അപേക്ഷകർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

iv. ആറ് മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (അപ്‌ലോഡ് ചെയ്യുന്നതിന്) ഫോട്ടോ (അപ്‌ലോഡ് ചെയ്യുന്നതിന്) ഫോട്ടോ 150X200 pixel, 20 kb മുതൽ 30kb വരെ വലിപ്പമുള്ളതുമായ jpg/jpeg ഫോർമാറ്റിലുള്ളതായിരിക്കണം.

4. പരീക്ഷയുടെ സിലബസ്സും ഘടനയും :-

90 മിനിട്ട് വീതമുള്ള 2 പാർട്ടുകളായിട്ടാണ് പരീക്ഷ നടത്തുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അധിക സമയം ഉണ്ടായിരിക്കുന്നതാണ്.

Part I – Mental Ability Test (MAT)
Part II – Scholastic Aptitude Test (SAT)

MAT:- മാനസിക ശേഷി പരിശോധിക്കുന്ന 90 ബഹു ഉത്തര ചോദ്യങ്ങൾ (Multiple Choice Questions) ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും.

ചോദ്യങ്ങളിൽ സാദൃശ്യം കണ്ടെത്തൽ, വർഗ്ഗീകരിക്കൽ, സംഖ്യാശ്രേണികൾ, പാറ്റേണുകൾ തിരിച്ചറിയൽ, മറഞ്ഞിരിക്കുന്ന രൂപങ്ങൾ കണ്ടെത്തൽ എന്നിങ്ങനെ വിവിധ മേഖലകൾ ഉൾപ്പെടും.

SAT:- 7, 8 ക്ലാസ്സുകളിലെ ഭാഷേതര വിഷയങ്ങളായ സോഷ്യൽ സയൻസ് (35 മാർക്ക്), അടിസ്ഥാന ശാസ്ത്രം (35 മാർക്ക്), അടിസ്ഥാന ഗണിതം (20 മാർക്ക്) എന്നിവയിൽ നിന്നും 90 ബഹു ഉത്തര ചോദ്യങ്ങൾ (Multiple Choice Question) ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും. താഴ്ന്ന ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ള പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട ഉയർന്ന തലത്തിലുള്ള ചിന്താ പ്രക്രിയ ഉൾക്കൊള്ളുന്ന ചോദ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

രണ്ട് പാർട്ടിലെയും ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതമാണ് ലഭിക്കുന്നത്. ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ചോദ്യപേപ്പർ ലഭ്യമാണ്. ഏത് ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

5. പരീക്ഷാ തീയതിയും സമയദൈർഘ്യവും:-

| പരീക്ഷാ തീയതി | വിഷയം | സമയം |
|---|---|---|
| 07/11/2026 | Part I - Mental Ability Test (MAT) | 10.00 am to 11.30 am<br>10.00 am to 12.00 am(ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാത്രം) |
| 07/11/2026 | Part II - Scholastic Aptitude Test (SAT) | 01.30 pm to 3.00 pm<br>01.30 pm to 3.30 pm(ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാത്രം) |

6. **സ്കോളർഷിപ്പിന് അർഹത നേടുന്നതിനുള്ള വ്യവസ്ഥകൾ :-**

i. സ്കോളർഷിപ്പിന് അർഹത നേടുന്നതിന് MAT, SAT എന്നീ ഇരു പരീക്ഷകളിലുമായി 40%-ൽ കുറയാതെ മാർക്ക് നേടിയിരിക്കണം (എസ്.സി./എസ്.ടി വിഭാഗത്തിലുള്ള കുട്ടികൾക്ക് 32% മാർക്ക് മതിയാകും).

ii. കേന്ദ്ര സർക്കാർ മാനദണ്ഡം അനുസരിച്ച് കേരളത്തിൽ നിന്നും ഓരോ അദ്ധ്യയന വർഷവും 3473 കുട്ടികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുള്ളത്.

iii. യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ 9-ാം ക്ലാസ് മുതലാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. തുടർന്ന്, 10-ാം ക്ലാസ്സിൽ സ്കോളർഷിപ്പ്

ലഭിക്കുന്നതിന് 9-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കും, 11-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് 10-ാം ക്ലാസ്സിലെ പൊതുപരീക്ഷയിൽ 60% മാർക്കും, 12-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് 11-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കും നേടിയിരിക്കണം. എസ്.സി/എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്ക് 5% മാർക്ക് ഇളവുണ്ട്.

iv. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾ തൊട്ടടുത്ത വർഷം (9-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ) നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈൻ മുഖേന ഫ്രഷ് അപേക്ഷയും, തുടർന്നുള്ള വർഷങ്ങളിൽ റിന്യൂവൽ അപേക്ഷയും സമർപ്പിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതാണ്.

v. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് 15%, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് 7.5%, കുറഞ്ഞത് 40% ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 4% എന്ന ക്രമത്തിൽ പ്രാതിനിധ്യം/സംവരണം ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ജില്ലയിൽ എസ്.സി/എസ്.ടി വിഭാഗം കുട്ടികളുടെ ക്വാട്ടയിൽ എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യമുണ്ടായാൽ ആ ജില്ലയിലെ എസ്.ടി വിഭാഗത്തിൽ നിന്നും, എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആവശ്യത്തിന് ജില്ലയിൽ ലഭ്യമല്ലെങ്കിൽ ജില്ലയിലെ എസ്.സി വിഭാഗത്തിൽ നിന്നും, എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന ആവശ്യമായ എണ്ണം കുട്ടികളെ ഉൾപ്പെടുത്താൻ ഇരു വിഭാഗത്തിൽനിന്നും ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ മറ്റു ജില്ലകളിൽപ്പെടുന്ന എസ്.സി./എസ്.ടി കുട്ടികളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടികളെയും ഉൾപ്പെടുത്തുന്നതാണ്.

മേൽ പരാമർശിച്ച പ്രകാരം സംവരണം അനുവദിക്കുന്നതിൽ ഓപ്പൺ മെറിറ്റ് വിഭാഗത്തിലേക്ക് അർഹതപ്പെട്ടവരെ ആദ്യം പരിഗണിച്ച ശേഷം മേൽ പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം സംവരണ വിഭാഗങ്ങളിൽ നിന്നും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതാണ്. പ്രാതിനിധ്യം/സംവരണം ഉറപ്പാക്കുന്നതിന് ഓപ്പൺ മെറിറ്റ് വിഭാഗത്തിൽപ്പെട്ട എസ്.സി./എസ്.ടി/ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കില്ല.

vi. ഏതെങ്കിലും ജില്ലയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ മതിയായ പ്രാതിനിധ്യം ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ അതേ ജില്ലയിലെ ജനറൽ വിഭാഗത്തിനായി മാറ്റി വയ്ക്കുന്നതാണ്.

vii. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ആകെ എണ്ണമായ 3,473 എന്നത് എല്ലാ ജില്ലകളുടെയും പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം ചുവടെ ചേർക്കുന്ന

മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലാതല ക്വാട്ട നിശ്ചയിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

a) ഓരോ ജില്ലയിലെയും 7, 8 ക്ലാസ്സുകളിൽ അതത് അദ്ധ്യയനവർഷത്തിൽ പ്രവേശിക്കുന്നവരുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കാവുന്നതിന്റെ 2/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നത്.
b) ഓരോ ജില്ലയിലെയും സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന 10 മുതൽ 14 വരെ പ്രായമുള്ള കുട്ടികളുടെ എണ്ണത്തിന്റെ അനുപാത്തിൽ ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കുന്നതിന്റെ 1/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നതാണ്.
c) NMMS പരീക്ഷ എഴുതുന്ന കുട്ടികൾ സ്കൂൾ രജിസ്റ്ററിൽ നൽകിയിട്ടുള്ള സ്ഥിര മേൽവിലാസം ഏതാണോ ആ ജില്ലയിലെ അപേക്ഷകൻ/അപേക്ഷക ആയി പരിഗണിക്കുന്നതാണ്.

## 7. പ്രധാന അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ :-

വിദ്യാർത്ഥികളുടെ വരുമാന സർട്ടിഫിക്കറ്റ്/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്/ഭിന്നശേഷി കുട്ടികളാണ് എന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/പരീക്ഷ എഴുതുന്നതിനുള്ള അർഹത എന്നിവ കൃത്യമായി പരിശോധിക്കാതെ അപേക്ഷ സമർപ്പിക്കുന്നത് വഴി അനർഹരായവർ യോഗ്യത നേടുകയും അർഹരായവർ പുറന്തള്ളപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന കർശനമായി നടത്തേണ്ടതാണ്. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകളും അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിവരങ്ങളും സൂക്ഷ്മമായി പരിശോധിച്ച് അർഹതയുള്ള അപേക്ഷകളിൽ മേൽ വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതാണ്. സ്കൂൾ മേധാവി വെരിഫിക്കേഷൻ പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകർക്ക് പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകുന്നത്. ആയതിനാൽ വെരിഫിക്കേഷൻ പ്രക്രിയയിൽ വീഴ്ച വരുത്തുന്ന സ്കൂൾ മേധാവിക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

## 8. പരീക്ഷാ മൂല്യനിർണ്ണയം :-

a) NMMS പരീക്ഷ OMR അധിഷ്ഠിതമായി ബഹു ഉത്തര ചോദ്യാവലികൾ മാതൃകയിലാണ് നടത്തുന്നത്. NMMS പരീക്ഷ കഴിഞ്ഞ് താത്കാലിക ഉത്തര സൂചിക പ്രസിദ്ധീകരിക്കുകയും ഉത്തര സൂചികയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഉത്തര സൂചിക പ്രസിദ്ധീകരിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ നിശ്ചിത മാതൃകയിൽ സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.

b) പരാതിയിക്ക് ആധാരമായ മതിയായ തെളിവുകൾ ഹാജരാക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ലഭിക്കുന്ന പരാതികൾ അതതു വിഷയങ്ങളുടെ വിഷയ വിദഗ്ധർക്ക് നൽകുന്നതാണ്. സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

c) വിഷയ വിദഗ്ധർ ശുപാർശ ചെയ്യുന്ന തെറ്റായ ചോദ്യങ്ങളും കൃത്യമായ ഉത്തരങ്ങളില്ലാത്ത ചോദ്യങ്ങളും പരീക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ വിശദമായി പരിശോധിച്ച് താത്കാലിക ഉത്തര സൂചികയിൽ തിരുത്തലുകൾ വരുത്തി Rectified ഉത്തര സൂചിക പ്രസിദ്ധീകരിക്കുന്നതാണ്.

d) ഒന്നിലധികം പരീക്ഷാർത്ഥികൾക്ക് തുല്യ മാർക്ക് വന്നാൽ NMMS പരീക്ഷയിലെ MAT (Mental Ability Test)-ന് സ്കോർ കൂടിയ കുട്ടിയ്ക്ക് വെയിറ്റേജ് നൽകുന്നതാണ്. പിന്നെയും തുല്യത വന്നാൽ SAT (Scholastic Aprtitude Test)-ലെ സയൻസിനു കൂടുതൽ സ്കോർ ലഭിച്ച കുട്ടിയ്ക്ക് വെയ്റ്റേജ് നൽകുന്നതാണ്. പിന്നെയും തുല്യത വന്നാൽ SAT-ലെ ഗണിതത്തിന് കൂടുതൽ സ്കോർ ലഭിച്ച കുട്ടിയെ പരിഗണിക്കുന്നതാണ്. പിന്നെയും തുല്യത വന്നാൽ SAT-ലെ സാമൂഹ്യശാസ്ത്രത്തിന് കൂടുതൽ സ്കോർ ലഭിച്ച കുട്ടിയെ പരിഗണിക്കുന്നതാണ്. പിന്നെയും തുല്യത വന്നാൽ പരീക്ഷാ കമ്മീഷണറുടെ തീരുമാനമായിരിക്കും അന്തിമം.

e) അന്തിമ ഉത്തര സൂചികയുടെ അടിസ്ഥാനത്തിലാണ് NMMS പരീക്ഷയുടെ OMR ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നത്. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ മൂല്യനിർണ്ണയം നടക്കുന്നതിനാൽ പുനർമൂല്യ നിർണ്ണയത്തിനോ ഉത്തരകടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്കോ മാർക്ക് വീണ്ടും കൂട്ടി നോക്കുന്നതിനോ ഉള്ള അവസരം പരീക്ഷാർത്ഥിക്ക് ഉണ്ടായിരിക്കുന്നതല്ല.

f) പരീക്ഷാ സമയത്ത് തന്നെ OMR ന്റെ കാൻഡിഡേറ്റ് കോപ്പി നൽകുന്നതിനാൽ റിസൾട്ട് പ്രഖ്യാപനത്തിന് ശേഷം പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും Original OMR ന്റെ പകർപ്പ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതല്ല.

**9. <u>OMR-ഉത്തര കടലാസുകൾ അസാധുവാകുന്നതിനുള്ള കാരണങ്ങൾ</u>**

a) പരീക്ഷാർത്ഥികൾക്ക് ലഭ്യമായിട്ടുള്ള ഹാൾടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന റോൾ നമ്പർ OMR-ൽ കൃത്യമായി ബബിൾ ചെയ്യാത്ത പക്ഷവും, തെറ്റായി ബബിൾ ചെയ്യുന്ന പക്ഷവും OMR- അസാധുവാകുന്നതാണ്.

b) OMR-ൽ കൃത്യമായി ആൽഫാ കോഡ് ബബിൾ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം OMR അസാധുവാകുന്നതാണ്. ഒന്നിലധികം


കോഡുകൾ ബബിൾ ചെയ്താലും കോഡുകൾ ഒന്നും തന്നെ ബബിൾ ചെയ്യാതിരുന്നാലും OMR അസാധുവാകുന്നതാണ്. ഇത്തരത്തിൽ തെറ്റു വരുത്തി OMR അസാധുവാകുന്നതിന്മേൽ യാതൊരു വിധത്തിലുള്ള പരാതികളും, അപേക്ഷകളും ഈ കാര്യാലയത്തിൽ പരിഗണിക്കുന്നതല്ല.

**10. <u>ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-</u>**

സ്കോളർഷിപ്പിന് അപേക്ഷിക്കുമ്പോൾ വിദ്യാർത്ഥിയുടെ പേരിന്റെ spelling, ജനന തീയതി, ആധാർ നമ്പർ തുടങ്ങിയ വിവരങ്ങളിൽ ചെറിയ തെറ്റുകൾ സംഭവിച്ചാൽ പോലും സ്കോളർഷിപ്പ് തുക ലഭിക്കാതെ വരും. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരും, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരും, ബാങ്ക് അക്കൗണ്ട്, ആധാർ എന്നിവയിലെ പേരും ഒന്നു തന്നെയാണെന്ന് അപേക്ഷകൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ Online മുഖേന അപേക്ഷ അന്തിമമായി സമർപ്പിക്കുന്നതിന് മുൻപ് നൽകിയ വിവരങ്ങൾ ശരിയാണെന്ന് നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

(ഉത്തരവിൻ പ്രകാരം)

//അംഗീകാരത്തോടെ//



പരീക്ഷാ സെക്രട്ടറി


## അനുബന്ധം

## ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിധം


## ഓൺലൈൻ രജിസ്ട്രേഷൻ നടത്തുവാൻ കൈവശം ഉണ്ടാകേണ്ടവ

- സാധുതയുള്ള ഇ-മെയിൽ ഐ.ഡി, മൊബൈൽ നമ്പർ.
- ഒരുമാന സർട്ടിഫിക്കറ്റ് (100 KB യിൽ താഴെ വലിപ്പം വരുന്ന തരത്തിൽ പി.ഡി.എഫ് ഫോർമാറ്റിൽ സ്കാൻ ചെയ്തത്).
- എസ്.സി./എസ്.ടി വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് (100 KB യിൽ താഴെ വലിപ്പം വരുന്ന തരത്തിൽ പി.ഡി.എഫ് ഫോർമാറ്റിൽ സ്കാൻ ചെയ്തത്).
- Person With Disability (PWD) വിഭാഗത്തിലുള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് (40% കുറയാത്ത ഡിസെബിലിറ്റി ഉള്ളത്) 100 KB യിൽ താഴെ വലിപ്പം വരുന്ന തരത്തിൽ പി.ഡി.എഫ് ഫോർമാറ്റിൽ സ്കാൻ ചെയ്തത്.
- സമീപകാലത്തെടുത്ത നിർദ്ദിഷ്ട മാതൃകയിലുള്ള പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ സി.ഡി. ഡ്രൈവിലോ/പെൻ ഡ്രൈവിലോ ഫോട്ടോ 105*200 വലിപ്പത്തിലും 20 KB മുതൽ 30 KB വരെ ഫയൽ Size ഉം jpg/jpeg ഫോർമാറ്റിലുള്ളത്.


വെബ്സൈറ്റ് അഡ്രസ്സ് http://nmmse.kerala.gov.in/ എന്നതാണ്. പ്രസ്തുത വെബ്സൈറ്റ് അഡ്രസ്സ്, ബ്രൗസറിൽ നൽകുമ്പോൾ താഴെക്കാണുന്ന ഹോം പേജ് കാണാവുന്നതാണ്.



1. പുതിയ അപേക്ഷകർ ഹോം പേജിലെ Candidate Login-ന് താഴെ കാണുന്ന "New Candidate? Register Now" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ലോഗിൻ രജിസ്ട്രേഷൻ ചെയ്യണം. ലോഗിൻ രജിസ്ട്രേഷനായി Name, Date of Birth, E-mail id, Mobile Number എന്നിവ നൽകി Register ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ മൊബൈൽ നമ്പറിലേക്ക് ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ നെയിമും ഡീഫോൾട്ട് പാസ്സ്‌വേർഡ് മെസ്സേജായി ലഭിക്കുന്നതാണ്. ഇത്തരത്തിൽ മൊബൈൽ നമ്പറിൽ ലഭിച്ച യൂസർ നെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് Candidate Login ചെയ്യണം. ആദ്യതവണ പുതിയ പാസ്സ്‌വേർഡ് സെറ്റ് ചെയ്ത ശേഷം വീണ്ടും ലോഗിൻ ചെയ്യണം.





2. അപേക്ഷകർ പുതിയ പാസ്സ്‌വേർഡ് സെറ്റ് ചെയ്ത് വീണ്ടും ലോഗിൻ ചെയ്യുമ്പോൾ ലോഗിൻ ഹോം പേജിൽ അപേക്ഷകൻ നൽകിയ ലോഗിൻ വിവരങ്ങളും അപേക്ഷയുടെ സ്ഥിതിയും കാണാവുന്നതാണ്.





3. അപേക്ഷ സമർപ്പിക്കുന്നതിന് ഹോംപേജിലെ Application എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. അഞ്ച് ഘട്ടങ്ങളായാണ് അപേക്ഷയിൽ വിവരങ്ങൾ നൽകേണ്ടത്.


   3.1 ഒന്നാം ഘട്ടത്തിൽ (Basic Details) ജെൻഡർ, അഡ്രസ്സ്, ജില്ല, ജാതി മതം, കാറ്റഗറി (SC/ST/OBC/OEC/General), Persons with Disability (PWD)/or not എന്നിവ രേഖപ്പെടുത്തണം. SC/ST വിഭാഗത്തിലുള്ള അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ് pdf ഫോർമാറ്റിൽ സ്കാൻ ചെയ്ത് 100 KB യിൽ താഴെ വലിപ്പമുള്ള അപ്‌ലോഡ് ചെയ്യണം. PWD വിഭാഗത്തിലുള്ള അപേക്ഷകർ Disablity Percentage രേഖപ്പെടുത്തുന്നതിനോടൊപ്പം മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് pdf ഫോർമാറ്റിൽ (Below 100 KB) സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുകയും വേണം. Basic Details സേവ് ചെയ്യുന്നതിനായി “Save & Proceed” ബട്ടൺ ക്ലിക്ക് ചെയ്യുക.





3.2 രണ്ടാംഘട്ടമായി സമീപകാലത്ത് എടുത്ത പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ചെയ്യണം. ഫോട്ടോ 150*200 Pixel വലിപ്പത്തിലും 20 KB വരെ ഫയൽ വലിപ്പത്തിലുള്ളതും jpg/jpeg ഫോർമാറ്റിൽ ഉള്ളതുമായിരിക്കണം. ഫോട്ടോ സേവ് ചെയ്യുന്നതിനായി "Save & Proceed" ബട്ടൺ ക്ലിക്ക് ചെയ്യുക.




3.3 മൂന്നാം ഘട്ടത്തിൽ Family Details ആണ് നൽകേണ്ടത്. പിതാവിന്റെ പേര്, തൊഴിൽ, മാതാവിന്റെ പേര്, തൊഴിൽ, രക്ഷകർത്താവിന്റെ വിവരം, വാർഷിക വരുമാനം എന്നിവയാണ് ഇവിടെ നൽകേണ്ടത്. വാർഷിക വരുമാനം സർട്ടിഫിക്കറ്റ് ഫോർമാറ്റിൽ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യണം.




3.4 നാലാം ഘട്ടമായി അപേക്ഷാർത്ഥി 7, 8 ക്ലാസുകളിൽ പഠിച്ച വിദ്യാലയ വിവരങ്ങൾ (Instituition details) നൽകണം. ആദ്യം 7-ാം തരം പഠിച്ച വിദ്യാലയത്തിന്റെ റവന്യൂ, ജില്ല, വിദ്യാഭ്യാസ ജില്ല, സ്കൂൾ എന്നിവ സെലക്ട് ചെയ്ത് നൽകണം. 2025-2026 കാലയളവിൽ 55% മാർക്കോടെ ഏഴാം ക്ലാസ് (എസ്.സി/എസ്.ടി ക്ക് 50% മാർക്ക് വേണം) പാസ് ആയവർക്കാണ് അപേക്ഷിക്കാൻ കഴിയുക, തുടർന്ന് 8-ാം തരം പഠിക്കുന്ന വിദ്യാലയത്തിന്റെ റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല, സ്കൂൾ എന്നിവ സെലക്ട് ചെയ്തു തന്നെ നൽകുകയും കൂടാതെ അഡ്മിഷൻ നമ്പർ നൽകുകയും വേണം. ഇതിനോടൊപ്പം തന്നെ പരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്ന മീഡിയം ക്വസ്റ്റ്യൻ പേപ്പർ മീഡിയം എന്ന സ്ഥലത്ത് സെലക്ട് ചെയ്ത് നൽകണം (മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നഡ എന്നിവയിൽ ഏതെങ്കിലും ഒന്ന് സെലക്ട് ചെയ്യാവുന്നതാണ്). ഇത്രയും വിവരങ്ങൾ നൽകിയശേഷം “Save & Proceed” ബട്ടൺ ക്ലിക്ക് ചെയ്യണം.




3.5 അവസാന ഘട്ടമാണ് Preview & Confirmation അപേക്ഷാ വിവരങ്ങൾ കാണുന്നതിനായി Preview ക്ലിക്ക് ചെയ്യുക. അപേക്ഷയിൽ നൽകിയ വിവരങ്ങളെല്ലാം കാണാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് അതത് സ്റ്റെപ്പുകളിൽ (Step 1, Step 2, Step 3, Step 4) പോയി തിരുത്തലുകൾ വരുത്തിയ ശേഷം “Save & Proceed” ബട്ടൺ ക്ലിക്ക് ചെയ്യുക. തിരുത്തലുകൾ ഒന്നുമില്ലെങ്കിൽ Confirmation Declaration ടിക് (ചെക്ക്) ചെയ്തശേഷം “Confirm & Submit” ബട്ടൺ ക്ലിക്ക് ചെയ്യുക.




അന്തിമ കൺഫർമേഷന് ശേഷം അപേക്ഷയിൽ തിരുത്തലുകൾ ഒന്നും തന്നെ വരുത്തുവാൻ സാധിക്കുന്നതല്ല. തുടർന്ന് "Print Your Application" ബട്ടണിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രിന്റൗട്ടും അനുബന്ധരേഖകളും 8-ാം തരം പഠിക്കുന്ന സ്കൂൾ മേധാവിയ്ക്ക് അവസാന തീയതിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. സ്കൂൾ മേധാവി വെരിഫിക്കേഷൻ നടത്തിയ അപേക്ഷകൾ മാത്രമേ സാധുതയുള്ള അപേക്ഷകളായി പരിഗണിക്കുകയുള്ളൂ.

### 4. സ്കൂൾ മേധാവിയ്ക്കുള്ള നിർദ്ദേശങ്ങൾ

നിലവിലുള്ള ലോഗിൻ ഉപയോഗിച്ച് എല്ലാ സ്കൂൾ മേധാവികളും http://nmmse.kerala.gov.in/school എന്ന വെബ്സൈറ്റിലൂടെ Login ചെയ്യണം. ഹോം പേജിൽ ലഭ്യമാകുന്ന List of Applicants എന്ന മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത സ്കൂളിൽ നിന്നും അപേക്ഷിച്ചവരുടെ വിവരങ്ങൾ കാണാവുന്നതാണ്. ഓരോ അപേക്ഷാർത്ഥിയുടെയും പേരിന് നേർക്ക് കാണുന്ന Verify എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയുടെ മുഴുവൻ വിവരങ്ങളും കാണാവുന്നതാണ്. സ്കൂളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും പരിശോധിച്ച് അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തി Confirm ബട്ടൺ ക്ലിക്ക് ചെയ്ത അപേക്ഷയുടെ വെരിഫിക്കേഷൻ പൂർത്തീകരിക്കാവുന്നതാണ്.

സ്കൂളിൽ ലഭിക്കുന്ന അപേക്ഷകൾ 05/10/2026-ന് വൈകിന് 5 മണിക്കുളിളിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതാണ്.

കുട്ടികളുടെ അപേക്ഷയിലെ വിവരങ്ങൾ വെരിഫിക്കേഷൻ നടത്തുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ പ്രധാന അധ്യാപകർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്.

1. ആധാർ കാർഡിലെ പേര്, ജനന തീയതി, രക്ഷകർത്താവിന്റെ പേര് എന്നിവ ഒത്തുനോക്കേണ്ടതും, ആയത് തമ്മിൽ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസങ്ങൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.
2. വില്ലേജ് ഓഫീസർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനിൽ നിന്ന് ലഭ്യമായിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്തിട്ടുണ്ടെന്നും വരുമാന പരിധിയായ 3.5 ലക്ഷം രൂപയിൽ അധികരിച്ചിട്ടില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. വരുമാന പരിധിയായ 3.5 ലക്ഷം രൂപയിൽ അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ അപേക്ഷകൾ നിരസിക്കേണ്ടതാണ്.
3. എസ്.സി/എസ്.ടി./ഭിന്നശേഷി വിഭാഗക്കാരായ വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്ന ഔദ്യോഗിക രേഖ അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. സമർപ്പിച്ച രേഖയിലെ ഇതുമായി ബന്ധപ്പെട്ട വിവരങ്ങളിൽ എന്തെങ്കിലും അപാകത നിലനിൽക്കുന്ന പക്ഷം ആയത് പരിഹരിച്ച് വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.

5. **പാസ്‌വേർഡ് മറന്നുപോയാൽ**

അപേക്ഷകർ/സ്കൂൾ മേധാവി എന്നിവർ അവരുടെ ലോഗിൻ പാസ്‌വേർഡ് മറന്നുപോയാൽ Forgot Password ലിങ്കിലൂടെ മൊബൈലിൽ ലഭിക്കുന്ന OTP യുടെ സഹായത്താൽ പുതിയ പാസ്‌വേർഡ് സെറ്റ് ചെയ്യാവുന്നതാണ്.

6. **സാങ്കേതിര സഹായം**

ഇ-മെയിൽ : nmmss.help.desk@gmail.com

ഫോൺ നമ്പർ : 0471-2546832, 0471-2546833